പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 18.12.2014ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നമ്പർ: 406

## കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻകുബേറ്റർ

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ)കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻകുബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. നൂതന ആശയങ്ങളും പുതിയ സാങ്കേതിക വിദ്യകളും ഉപയോഗിച്ച് പുതിയ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവയ്ക്കുവേണ്ട സഹായം നൽകുന്നതിനുമുള്ള പദ്ധതിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ; | (ബി) കയർ മേഖലയുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണം, കണ്ടുപിടുത്തങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവ പ്രായോഗിക തലത്തിൽ ഉപയോഗപ്രദമാക്കുന്നതും, വ്യക്തികൾ, സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവർക്കു വേണ്ടതായ ഇൻകുബേഷൻ ഫണ്ട് നൽകി സഹായിക്കുന്നതും ആണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) കയർ മേഖലയിൽ യുവ സംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) താഴെപ്പറയുന്ന കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. ഉല്പാദന പ്രക്രിയയുടെ ആധുനികവത്ക്കരണം.<br>2. യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും വികസനം<br>3. ഉല്പന്നങ്ങളുടെ വികസനവും, വൈവിദ്ധ്യവൽക്കരണവും<br>4. പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കൽ<br>5. സാങ്കേതിക വിദ്യ കൈമാറലും ഇൻകുബേഷനും<br>6. രൂപകല്പന (Design) യുടെ വികസനം |

| | |
|---|---|
| (ഡി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിലെ ഗവേഷണ വികസന സ്ഥാപനമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ